(ഡി) നിലവിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ വിജിലൻസ് കോടതികളിൽ 1286 കേസുകൾ വിചാരണയിലാണ്. തിരുവന്തപുരം, കോഴിക്കോട് എന്നീ വിജിലൻസ് ട്രിബ്യൂണലുകളിൽ 27 കേസുകൾ വിചാരണയിലുണ്ട്. വിജിലൻസ് ബ്യൂറോയിൽ നലവിൽ 353 കേസുകൾ അന്വേഷണ ഘട്ടത്തിലാണ്.

ടാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണം

262 (3896) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; അഴിമതിക്ക് ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ടവരുടെ പങ്ക് വെളിപ്പെടുത്തുന്ന രേഖകൾ എല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

(ബി) വിജിലൻസ് അന്വേഷണം തടയുന്നതിനുവേണ്ടി തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് ചോദ്യം ചെയ്ത് ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു ;

(സി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നത് തടയണമെന്ന ആവശ്യം കോടതി അനുവദിച്ചിട്ടുണ്ടോ ; കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര ; കേസ് രജിസ്റ്റർ ചെയ്തവ എത്ര; ചെയ്തിട്ടില്ലാത്തവ എത്ര ;

(ഇ) പ്രസ്തുത ആരോപണം സംബന്ധിച്ച കേസ് വിജിലൻസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ, ആരോപിക്കപ്പെട്ടവർ പ്രസ്തുത വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് ധാർമ്മികവും ഉചിതവുമാണെന്ന് അഭിപ്രായമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ അഴിമതി ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം (V.E.30/06/SIU-I) നടത്തുകയും അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം മുൻപാകെ 19-3-2013-ൽ അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 105 രേഖകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്.

(ബി&സി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിൻമേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28-8-14-ൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് മുൻ ചെയർമാൻ ശ്രീ. ടി. ബാലകൃഷ്ണൻ സമർപ്പിച്ച Crl MA 5630/2014 in Crl (RP) 1568/14-മേൽ 1-9-2014-ന് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 28-8-2014-ലെ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ നീട്ടിവച്ചിരിക്കുകയാണ്.

(ഡി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. ജയൻ, ശ്രീ. ജി. സുനിൽ (സേവ് ടൈറ്റാനിയം ഫോറം) എന്നിവരുടെ പരാതികൾ ആണ് അന്വേഷണ വിധേയമാക്കിയത്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾ

263 (3897) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കേസുകളിൽ വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;